## പതിമൂന്നാം കേരള നിയമസഭ
### ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **1230** | 13.06.2013-ൽ ഭാഗിക മറുപടി നൽകിയത്

## പൊതുമരാമത്ത് വകുപ്പിന്റെ ഇ-ടെന്ററിംഗ് ഇ-പേയ്മെന്റ് വിവരം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. കെ.കുഞ്ഞിരാമൻ (ഉദുമ)** | **ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്** (പൊതുമരാമത്ത് വകുപ്പമന്ത്രി) |
| (എ) ഈ സർക്കാരിന്റെ കാലത്ത് പൊതുമരാമത്ത് വകുപ്പവഴി വിവിധ പദ്ധതികളിലൂടെ സംസ്ഥാനത്തെ റോഡ് വികസന പ്രവൃത്തികൾക്ക് വിളിച്ച ടെണ്ടറുകൾ എത്രയാണ് ; ഇ-ടെണ്ടറിംഗ് വഴി എത്ര ; പത്ര പരസ്യങ്ങളിലൂടെ എത്ര ; | (എ) കെ.എസ്.ടി.പി പദ്ധതിയിൽപ്പെടുത്തി 25 പ്രവൃത്തികൾക്ക് ടെണ്ടർ വിളിച്ചിട്ടുണ്ട്. ഇത് എല്ലാം തന്നെ പത്ര പരസ്യങ്ങളിൽ കൂടിയാണ് ടെണ്ടർ വിളിച്ചത്. കെട്ടിടവിഭാഗത്തിൽ ഇത് സംബന്ധിച്ച നടപടിക്രമങ്ങൾ മെയ് അവസാനം മാത്രമാണ് പൂർത്തിയായത്. ആയതിനാൽ ഈ കാലയളവിൽ ഇ-ടെന്ററിംഗ് ഭാഗിക... മാത്രമേ നടപ്പിലാക്കാൻ സാധിച്ചിട്ടുള്ളൂ. ദേശീയപാതാ വിഭാഗം വഴി ആകെയുള്ള ടെണ്ടർ ചെയ്ത പദ്ധതികൾ -1215 എണ്ണം, ഇതിൽ ഇ-ടെണ്ടറിംഗ് വഴി വിളിച്ച പ്രവൃത്തികൾ-62 എണ്ണം, പത്രപരസ്യം വഴി വിളിച്ച പദ്ധതികൾ 646 എണ്ണം. നിരത്ത് വിഭാഗത്തിൽ ആകെ ടെണ്ടർ ചെയ്ത പ്രവൃത്തികൾ-11260 എണ്ണം, ഇ-ടെണ്ടർ വഴി - 3103 എണ്ണം, പത്രപരസ്യം വഴി - 8234 എണ്ണം. |
| (ബി) പൊതുമരാമത്ത് വകുപ്പ് വിവിധ പദ്ധതികളിലൂടെ സംസ്ഥാനത്തെ റോഡ് വികസനത്തിനായുള്ള വർക്കുകൾ നടത്തിയ കോൺട്രാക്ടർമാർക്ക് നൽകിയ മൊത്തം തുക എത്ര ; അതിൽ ഇ-പേയ്മെന്റ് വഴി നൽകിയ തുക എത്ര ; അല്ലാതെ നൽകിയ തുക എത്ര ; | (ബി) കെ.എസ്.ടി.പി വിഭാഗത്തിൽ ഈ സർക്കാരിന്റെ കാലത്ത് ഇതുവരെ 290 കോടി രൂപയോളം കരാറുകാർക്ക് കൊടുത്തിട്ടുണ്ട്. ഇതെല്ലാം ചെക്ക് ആയിട്ടാണ് നൽകിയിരിക്കുന്നത്. പ്രവൃത്തികൾക്ക് ടെണ്ടർ ക്ഷണിക്കുന്നത് ലോകബാങ്കിന്റെ നിബന്ധന അനുസരിച്ചാണ്. ലോകബാങ്കിന്റെ നിബന്ധന അനുസരിച്ച് ഇ-ടെന്ററിംഗ്, ഇ-പേയ്മെന്റ് ചെയ്യാൻ കഴിയില്ല.<br>ദേശീയപാതാ വിഭാഗത്തിൽ സംസ്ഥാനത്തെ റോഡ് വികസനത്തിനായുള്ള വർക്കുകൾ നടത്തിയ കോൺട്രാക്ടർമാർക്ക് നൽകിയ മൊത്തം തുക — 45733.61 ലക്ഷം. ഇ പെയ്മെന്റ് വഴി നൽകിയ തുക — 21479.40 ലക്ഷം, |

| | | |
|---|---|---|
| | | അല്ലാതെ നൽകിയ തുക – 24254.2 ലക്ഷം. നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ കോൺട്രാക്ടർമാർക്ക് നൽകിയ മൊത്തം തുക – 3256,43,10,815/-രൂപ, ഇ-പേയ്മെന്റ് വഴി നൽകിയ തുക – 941,91,729/-രൂപ, അല്ലാതെ നൽകിയത് - 32,47,01,19,086/-രൂപ |
| (സി) | ഇ-ടെന്ററിംഗ്, ഇ-പേയ്മെന്റ് സിസ്റ്റം ആരംഭിച്ചതിനുശേഷം ഇവ വഴിയല്ലാതെ ടെണ്ടറിംഗോ, പേയ്മെന്റോ വകുപ്പ് നടത്തിയിട്ടുണ്ടോ എങ്കിൽ അതിനിടയായ സാഹചര്യം എന്തായിരുന്നു ; വിശദമാക്കുമോ ? | (സി) പാലങ്ങളുടെ ടോൾ ടെന്റർ ഇ-ടെന്ററിംഗ് വഴിയാല്ലാതെയാണ് നടത്തിയിട്ടുള്ളത്. വർക്ക് ടെണ്ടർ അല്ലാത്തതുകൊണ്ടും website option ഇല്ലാത്തതുകൊണ്ടും ഇത്തരം കോൺട്രാക്ടർ മാർക്ക് Digital Signature ഇല്ലാത്തതുകൊണ്ടും ഈ പ്രവൃത്തികൾക്ക് ഇ-ടെണ്ടറിംഗ് നടത്തിയിട്ടില്ല. ഇ-പെയ്മെന്റ് സിസ്റ്റം നിലവിൽ വന്നത് 2012 ഫെബ്രുവരി മാസത്തിലാണ്. പൂർണമായും ഇ-പെയ്മെന്റ് നടത്താനുള്ള നടപടിക്രമങ്ങൾ പൂർത്തിയായി വരുന്നു. |

**സെക്ഷൻ ഓഫീസർ**